## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 72 | 02.03.2020 - ൽ മറുപടിക്ക് |
|---|---|

# കേരള പുനർ നിർമ്മാണ പദ്ധതി

| | ചോദ്യം<br>ശ്രീ. സജി ചെറിയാൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ), ബി) & സി) | കേരളത്തെ പുനർനിർമിക്കുന്നതിനുള്ള നടപടികൾക്കായി വികസനനയ വായ്പ (Development Policy Loan) ലോകബാങ്കിൽനിന്നും ലഭിക്കുന്നതിനായി വിവിധ വകുപ്പ് സെക്രട്ടറിമാരും ഉന്നത ഉദ്യോഗസ്ഥരും ലോകബാങ്ക് വിദഗ്ധരും മറ്റു വിദഗ്ധരും ചേർന്നു നടത്തിയ വിശദമായ ചർച്ചകളുടെയും കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) കരട് നയ രൂപരേഖക്ക് രൂപം നൽകി. പ്രസ്തുത കരട് രേഖയിൽ പിന്നീട് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും, സ്വരൂപിക്കുകയും വിഷയ വിദഗ്ധർ, ഉദ്യോഗസ്ഥർ, തുടങ്ങിയവരുടെ നിർദേശങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. 21/05/2019-ൽ ചേർന്ന മന്ത്രിസഭായോഗം RKDP-യുടെ കരട് നയ രൂപരേഖക്ക് അംഗീകാരം നൽകി.<br>പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ |
| ബി) | കേരള പുനർ നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കമ്മിറ്റിയുടെ ഘടന വിശദമാക്കാമോ; | | |
| സി | പ്രസ്തുത പദ്ധതിയിൽ ഇതുവരെ എത്ര പ്രവൃത്തികൾക്കാണ് അനുമതി നൽകിയതെന്ന് അറിയിക്കാമോ; | | |

| | | |
|---|---|---|
| | | പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. RKDP യിലൂടെ സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനകൾ സർക്കാർ, സ്വകാര്യ മേഖലകളിലെ പ്രധാന വികസന ഏജൻസികൾക്കു മുന്നിൽ അവതരിപ്പിച്ച്, അവരുടെ സാമ്പത്തിക സഹകരണവും അനുഭവ സമ്പത്തും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 15/07/2019- ൽ ഒരു വികസന പങ്കാളി സംഗമം (Development Partner's Conclave) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ലോക ബാങ്ക് സംസ്ഥാനത്തെ വികസന പങ്കാളിയായി പ്രഖ്യാപിച്ചു.<br>കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW -ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ )യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>ലോകബാങ്കിൽ നിന്നുള്ള വികസന നയവായ്പയുടെ ആദ്യ ഗഡു വായ **1779.58 കോടി രൂപ ലഭിച്ചിട്ടുണ്ട്.** രണ്ടാം ഗഡു ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.<br><br>ഇതു വരെ ആകെ 1850 കോടിയോളം രൂപയുടെ താഴെപറയുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നല്കി ഉത്തരവായിട്ടുണ്ട്.<br><br>1. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br><br>2. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു |

| | |
|---|---|
| | ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br><br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപ.<br><br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾ.<br><br>5. മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.<br><br>6. മൃഗസംരക്ഷണ വകുപ്പിന്റെ ആകെ 23.01 കോടി രൂപയുടെ രണ്ടു പദ്ധതികൾ.<br><br>7. ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുടെ ആകെ 53.5 കോടി രൂപയുടെ ആറ് പദ്ധതികൾ<br><br>8. ജലവിഭവ വകുപ്പിന്റെ ആകെ 350 കോടി രൂപയുടെ എട്ട് പദ്ധതികൾ.<br><br>9. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ആകെ 5 കോടി രൂപയുടെ മൂന്ന് പദ്ധതികൾ.<br><br>10. കുടുംബശ്രീയുടെ ആകെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ<br><br>11. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫിസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിനായി ആകെ 35 കോടി രൂപ.<br><br>12. കൃഷി വകുപ്പിന്റെ ആകെ 182.76 കോടി രൂപയുടെ 12 പദ്ധതികൾ.<br><br>13. മൽസ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd.( KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | 4 പദ്ധതികൾ.<br><br>14. വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിയ്ക്ക് 4.24 കോടി രൂപ.<br><br>ഇപ്രകാരം അംഗീകരിച്ച പദ്ധതികളിൽ, ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിക്കഴിഞ്ഞു.<br><br>മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും വിദഗ്ധരും ഉൾപ്പെടുന്ന ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും, മൂന്നംഗ ആർ.കെ.ഐ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സ്ഥാപനതല പിന്തുണ സംവിധാനവും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടറിയേറ്റും ഉൾപ്പെടുന്നതാണ് റീ ബിൽഡ് കേരളയുടെ ഘടന.<br><br>വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ ബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി ശുപാർശ ചെയ്ത് ഉന്നതാധികാര സമിതിക്ക് സമർപ്പിക്കുകയും ഉന്നതാധികാര സമിതി ശുപാർശകളോടെ മന്ത്രിസഭക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. |
| ഡി | ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തുന്നുണ്ടോ; | ഡി) | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അതാതു വകുപ്പ് സെക്രട്ടറി അധ്യക്ഷനും ചീഫ് എൻജിനീയറോ വകുപ്പ് തലവനോ കൺവീനറുമായ വകുപ്പുതല കമ്മിറ്റിയും ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായ ജില്ലാ തല കമ്മിറ്റയുമാണ് പദ്ധതികളുടെ നിർവഹണവും മേൽനോട്ടവും നടത്തേണ്ടത് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് |

| | | | |
|---|---|---|---|
| ഇ) | ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയതെന്ന് വിശദമാക്കാമോ? | ഇ) | റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല,ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>അച്ചൻകോവിൽ ആറിന് കുറുകെയുള്ള ശാർങ്ങക്കാവ് പാലം, അടൂർ -ചെങ്ങന്നൂർ, മല്ലപ്പള്ളി -ചെങ്ങന്നൂർ -ടി.വി.എം റോഡ് തുടങ്ങിയ പൊതുമരാമത്തു റോഡുകൾ, ഏകദേശം 26 കിലോമീറ്റർ ദൈർഘ്യം വരുന്ന തദ്ദേശസ്വയംഭരണ റോഡുകൾ, കൃഷി വകുപ്പിന്റെ ചെങ്ങന്നൂർ സമൃദ്ധി പദ്ധതി എന്നിവ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**